**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീജ. പി.എസ് ന് ടിയാളുടെ മകളുടെ ചികിത്സാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.360/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 08.02.2017

==========================================================

പരാമർശം: 1) ശ്രീമതി.ശ്രീജ.പി.എസ് ന്റെ 22.10.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 06.12.2016 ലെ ഇ 5-38105/16 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീജ.പി.എസ് ടിയാളുടെ മകളുടെ ചികിത്സാർത്ഥം 16.07.2016 മുതൽ രണ്ട് വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. 23.07.2009 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ശ്രീജ.പി.എസ് ന് 16.07.2016 മുതൽ 4 മാസക്കാലയളവിലേക്ക് അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ചികിത്സാർത്ഥമുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യക്തിപരമായ ആവശ്യത്തിനു ദീർഘകാലാവധി അനുവദിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ശ്രീജ. പി.എസ് ന്റെ മകളുടെ ചികിത്സാർത്ഥം 16.07.2016 മുതൽ 15.07.2017 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, അലയമൺ ഗ്രാമ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി. ശ്രീജ. പി.എസ്, സീനിയർ ക്ലാർക്ക്, അലയമൺ ഗ്രാമ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(246/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയലിലേക്ക്)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ